പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി

*15 [166] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*
„ *വർക്കല കഹാർ:*
„ *കെ. മുഹമ്മദാലി:*
ശ്രീമതി മേഴ്സി രവി:

ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ ചുമത്തുന്ന സംസ്ഥാന നികുതി എത്ര ശതമാനമാണ്;

(ബി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കുറഞ്ഞ നികുതി നിരക്കിൽ പെട്രോളും ഡീസലും നൽകിവരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് നൽകുന്നത്;

(ഡി) അവയ്ക്കു ചുമത്തുന്ന നികുതി നിരക്കെത്രയാണ്;

(ഇ) കെ. എസ്. ആർ. ടി. സി.-ക്ക് പെട്രോൾ, ഡീസൽ നികുതി നിരക്കിൽ കുറവനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വ്യത്യസ്ത നിരക്കിലാണ് നികുതി ചുമത്തിയിട്ടുള്ളത്. താഴെ പറയുന്നവ ഒഴികെയുള്ള എല്ലാ പെട്രോളിയം ഉൽപ്പന്നങ്ങൾക്കും മൂല്യവർദ്ധിത നികുതി നിയമപ്രകാരം 1-4 2005 മുതൽ 12.5% നികുതിയാണ് ചുമത്തിയിട്ടുള്ളത്. എന്നാൽ മൂല്യവർദ്ധിത നികുതി നിയമത്തിൽ ഉൾപ്പെടാത്തതും കേരള പൊതുവിൽപ്പന നികുതി നിയമത്തിൻകീഴിൽ വരുന്നതുമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് ചുവടെ ചേർക്കുന്നു.

(1) ഏവിയേഷൻ ടർബൈൻ ഫ്യൂവൽ - 25%.

(2) ഹൈസ്പീഡ് ഡീസൽ ഓയിൽ - 24%

(3) ലൈറ്റ് ഡീസൽ ഓയിൽ ഉൾപ്പെട്ടതും എന്നാൽ പെട്രോൾ, നാഫ്ത, ഏവിയേഷൻ ടർബൈൻ ഫ്യൂവൽ, ഹൈസ്പീഡ് ഡീസൽ ഓയിൽ എന്നിവ ഒഴികെയുള്ളതുമായ മോട്ടോർ സ്പിരിറ്റ് - 41%

(4) നാഫ്ത ഒഴികെയുള്ള പെട്രോൾ - 28%

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) കേരള വൈദ്യുതി ബോർഡ്, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ എന്നിവയ്ക്ക് വൈദ്യുതി ഉൽപ്പാദനത്തിനും വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ടതും ഉൽപ്പാദനശേഷി 25 കിലോവാട്ടിൽ കൂടുതലുള്ളതുമായ സംയുക്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവർ ഇന്ധനമായി ഉപയോഗിക്കുന്ന മുകളിൽ പ്രതിപാദിച്ച പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) 4%

(ഇ) കെ.എസ്.ആർ.ടി.സി.-ക്ക് പെട്രോൾ, ഡീസൽ നികുതി നിരക്കിൽ ഇളവ് അനുവദിച്ചിട്ടില്ല. ഇളവനുവദിച്ചാൽ വലിയ നികുതി നഷ്ടം ഉണ്ടാവും എന്നതാണ് കാരണം.

'സഞ്ചയിക പദ്ധതി' പുനരാവിഷ്ക്കരിക്കാൻ നടപടി

*16 [167] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
" *സ്റ്റീഫൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചയിക പദ്ധതിവഴി കുട്ടികളിൽനിന്നും സ്വീകരിക്കുന്ന തുക പോസ്റ്റാഫീസുകൾ കഴിഞ്ഞ കുറെ ദിവസങ്ങളായി സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(സി) കുട്ടികളിൽ സമ്പാദ്യശീലത്തിനും നാടിന്റെ ഭദ്രതയ്ക്കും വേണ്ടിയുള്ള ഈ സ്കീം പുനരാവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ 13-5-2005-ലെ നോട്ടിഫിക്കേഷൻ മുഖേന വരുത്തിയ ഭേദഗതി പ്രകാരം സ്ഥാപന നിക്ഷേപങ്ങൾ പോസ്റ്റാഫീസിൽ സ്വീകരിക്കുന്നതല്ല. ഇതിനാലാണ് സഞ്ചയിക നിക്ഷേപങ്ങൾ പോസ്റ്റാഫീസിൽ സ്വീകരിക്കാത്തത്.

(സി) സ്വീകരിക്കും. സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. മാത്രമല്ല 14-7-2005-ലെ എം. പി. മാരുടെ കോൺഫറൻസിന്റെ അജണ്ടയിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly